പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം),
ന്യൂ ബിൽഡിംഗ്,ഉള്ളൂർ ലെയ്ൻ,
ജഗതി,തിരുവനന്തപുരം-695014
ഇമെയിൽ-cgacdhse@gmail.co
ഫോൺ നമ്പർ-0471-2580737

സി.ജി.എ.സി-3/18735/2024/എച്ച്.എസ്.ഇ തീയ്യതി:25-10-2024

## സർക്കുലർ

വിഷയം- കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്-ഹയർ സെക്കന്ററി സ്കൂളുകളിൽ 2024 വർഷത്തെ സ്കൗട്ട്സ് & ഗൈഡ്സ് ടോക്കൺ ഫ്ളാഗ് വിതരണം ചെയ്യുന്നത്-നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന-സർക്കാർ ഉത്തരവ് (എംഎസ്) നം7123/2022/ പൊ.വി.വ. തീയതി 22/11/2022

കേരള വിദ്യാഭ്യാസ നിയമം ചാപ്റ്റർ 8, സബ്റൂൾ 10 പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രധാന പാഠാനുബന്ധ പ്രവർത്തനമാണ് സ്കൗട്ട് ഉം ഗൈഡ് ഉം. ഹൈസ്കൂൾ ക്ലാസുകൾ വരെ പ്രവർത്തനം നടത്തിയിരുന്ന സ്കൗട്ട്സ് & ഗൈഡ്സ് സർക്കാർ ഉത്തരവ് (എം എസ്) നം.14/2014/പൊ.വി.വ. തീയതി 15/01/2014 പ്രകാരം 2014 ലാണ് ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചത് സ്ഥാപനത്തിന്റെ പ്രധാന വരുമാനമാർഗമാണ് സ്കൂളുകളിലെ ടോക്കൺ ഫ്ളാഗ് വിൽപന.

ഹൈസ്കൂൾ ക്ലാസുകളിൽ നടത്തിയിരുന്ന സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗിന്റെ വിൽപന ഹയർ സെക്കന്ററി ക്ലാസുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 2024 വർഷത്തെ സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡൻസ് സംസ്ഥാന കാര്യാലയം

ടോക്കൺ ഫ്ളാഗുകൾ പ്രിന്റ് ചെയ്ത് എല്ലാ വർഷവും ഒക്ടോബർ 30-നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (ആർ ഡി ഡി) നൽകും. ഓരോ ആർ ഡി ഡി യുടെ പരിധിയിലുള്ള ഹയർ സെക്കന്ററി ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇവ വിതരണം ചെയ്യേണ്ടത്. ആർ ഡി ഡിമാർ ടോക്കൺ ഫ്ളാഗുകൾ നവംബർ 30 ന് മുമ്പ് ഹയർ സെക്കന്ററി സ്കൂൾ മേധാവികൾക്ക് വിതരണം ചെയ്യണം. വിതരണ സ്റ്റേറ്റ്മെന്റ് ഡിസംബർ 30 ന് മുമ്പ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ്, സ്റ്റേറ്റ് സെക്രട്ടറിക്ക് ഇമെയിൽ (secy.ksbsg@kerala.gov.in) മുഖേനയോ തപാൽ മുഖേനയോ ആർ ഡി ഡി മാർ കൈമാറണം. പ്രിൻസിപ്പൽമാർ തങ്ങൾക്ക് ലഭിക്കുന്ന ടോക്കൺ ഫ്ളാഗുകൾ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് ഡിസംബർ 30-ന് മുമ്പ് വിലയുടെ 75% ആർ ഡി ഡി ഓഫീസുകളിൽ അടയ്ക്കണം ശേഷിക്കുന്ന 25% സ്കൂളുകളിലെ സ്കൗട്ട്, ഗൈഡ്, റോവർ, റേഞ്ചർ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കാം. സ്കൗട്ട്, ഗൈഡ്, റോവർ, റേഞ്ചർ യൂണിറ്റുകളില്ലാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പിരിച്ചെടുത്ത മുഴുവൻ തുകയും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് അടക്കുന്നതിനായി ആർ ഡി ഡി ഓഫീസിൽ അടക്കണം.

ആർ ഡി ഡി ഓഫീസിൽ ലഭിക്കുന്ന ടോക്കൺ ഫ്ലാഗ് കളക്ഷന്റെ 75 ശതമാനത്തിൽ നിന്നും 74% തുക ജനുവരി 30 നകം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ്& ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ്& ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് RTGS/NEFT മുഖേനയോ ( A/c No.37775679382, IFSC Code: SBIN0070415, Bank:SBI Vikasbhavan) അടക്കേണ്ടതാണ്. ബാക്കിയുള്ള 1% തുക ആർ ഡി ഡി ഓഫീസിൽ ടോക്കൺ ഫ്ളാഗ് വിതരണവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കും പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് നൽകുന്നതിനും വിനിയോഗിക്കാവുന്നതാണ്.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ്& ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് ബാങ്ക് ട്രാൻസ്ഫർ (RTGS/NEFT) മുഖേന അടക്കുന്ന തുകയുടെ വിവരങ്ങൾ (പേ ഇൻസ്ലിപ്പിന്റെ പകർപ്പ്) കവറിംഗ് ലെറ്റർ സഹിതം സ്റ്റേറ്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സ്റ്റേറ്റ് ഹെഡ്ക്വാട്ടേഴ്സ്, വികാസ് ഭവൻ പി ഒ. തിരുവനന്തപുരം 695033 എന്ന തപാൽ വിലാസത്തിലോ secy.ksbsg@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലോ അയച്ചുകൊടുക്കേണ്ടതാണ്. സ്കൂളുകളിൽ നിന്ന് കേരള

സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സിന്റെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സ്വീകരിച്ച് അവ സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കുന്ന രീതി ഒഴിവാക്കണം സ്കൂളുകളിൽ നിന്ന് തുക സമാഹരിച്ച് ആകെ തുകയുള്ള ഡി ഡി/റെമിറ്റൻസ് സ്ലിപ്പ് കേരള ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിൽ അയക്കണം. തുക ലഭിക്കുന്ന മുറയ്ക്ക് കേരള ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം അതാത് ആർ ഡി ഡിമാരുടെ പേരിൽ രശീത് അയച്ചുകൊടുക്കണം. പ്രതിവർഷം വിതരണം ചെയ്ത ടോക്കൺ ഫ്ളാഗുകളുടെ എണ്ണത്തിനനുസരിച്ച് തുക ആർ ഡി ഡി കളിൽ നിന്നും പൂർണമായി ലഭ്യമാവുന്ന മുറയ്ക്ക് കേരള ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ക്ലിയറൻസ് സർട്ടിഫിക്കറ്റും അനുവദിക്കേണ്ടതാണ്.

സ്കൗട് – ഗൈഡ് ടോക്കൺ ഫ്ളാഗ് വിതരണവും ധനസമാഹരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ കൺട്രോളിംഗ് ഓഫീസർമാരും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

Signed by
Shanavas S
Date: 25-10-2024 18:43:24
DIRECTOR

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ആർ ഡി ഡി)മാർക്കും
2. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
3. സെക്രട്ടറി, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ്, തിരുവനന്തപുരം 695033